23467
24/12/19

File No.FWLD-B2/111/2019-FWLD

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തിരുവനന്തപുരം ടിംബർ സെയിൽസ് ഡിവിഷനിലെ കുളത്തുപ്പുഴ ഡിപ്പോയിൽ 23-11-2018-ാം തീയതി നടന്ന 21809/18-19-ാം നമ്പർ ഇ - ലേലത്തിലും, പെരുമ്പാവൂർ ടിംബർ സെയിൽസ് ഡിവിഷനിലെ വീറ്റൂർ ഡിപ്പോയിൽ 18-01-2019-ാം തീയതി നടന്ന 27747/18-19 നമ്പർ ഇ - ലേലത്തിലും ശ്രീ. ഏ. ജി. സെബാസ്റ്റ്യൻ ലേലം കൊണ്ട തടികൾ ബാക്കി തുക ഒടുക്കി നീക്കം ചെയ്യുന്നതിന് കാലാവധി നീട്ടി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (ബി)വകുപ്പ്

സ.ഉ.(സാധാ) നം.302/2019/വനം തീയതി,തിരുവനന്തപുരം, 02/08/2019

പരാമർശം:- 1) എൻ.ആർ.എം. ടിമ്പേഴ്സ് ഉടമ, ശ്രീ. ഏ.ജി. സെബാസ്റ്റ്യൻ സർക്കാരിൽ സമർപ്പിച്ച നിവേദനം.

2) 12/04/2019 തീയതിയിലെ 60/ബി2/2019/വനം നമ്പർ സർക്കാർ കത്ത്.

3) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്)-ന്റെ 09/07/2019 തീയതിയിലെ പ്രൊ(4)-60171/16 നമ്പർ കത്ത്.

<u>ഉത്തരവ്</u>

തിരുവനന്തപുരം ടിംബർ സെയിൽസ് ഡിവിഷനിലെ കുളത്തുപ്പുഴ ഡിപ്പോയിൽ 23/11/2018-ാം തീയതി നടന്ന 21809/18-19-ാം നമ്പർ ഇ- ലേലത്തിലും, പെരുമ്പാവൂർ ടിംബർ സെയിൽസ് ഡിവിഷനിലെ വീറ്റൂർ ഡിപ്പോയിൽ 18/01/2019-ാം തീയതി നടന്ന 27747/18-19 നമ്പർ ഇ - ലേലത്തിലും എൻ.ആർ.എം. ടിമ്പേഴ്സ് ഉടമ, ശ്രീ. ഏ. ജി. സെബാസ്റ്റ്യൻ ലേലം കൊണ്ട തടികൾ ബാക്കി തുക ഒടുക്കി നീക്കം ചെയ്യുന്നതിന് കാലാവധി നീട്ടി നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. ഏ.ജി. സെബാസ്റ്റ്യൻ പരാമർശം 1) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

2) നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി തടികൾ പലിശയും, പിഴപലിശയും, തറവാടകയും, ബാലൻസ് വാല്യൂവും, IT, GST മുതലായവ അടച്ച തടികൾ കൊണ്ടുപോകുന്നതിന് ശ്രീ. സെബാസ്റ്റ്യന് ഒരു മാസത്തെ സമയം

കൂടി നീട്ടി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ് ലാൻഡ് & റിസോഴ്സസ്) ന് പരാമർശം 2 പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഇപ്രകാരം നീട്ടി നൽകിയ കാലാവധിയിലും ടിയാന് ലോട്ടുകൾ നീക്കം ചെയ്യാൻ സാധിച്ചിട്ടില്ല എന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ് ലാൻഡ് & റിസോഴ്സസ്) പരാമർശം 3 പ്രകാരം സർക്കാരിനെ അറിയിച്ചു.

3) ശ്രീ. ഏ. ജി. സെബാസ്റ്റ്യൻ എന്നയാൾ ലേലം കൊണ്ട തിരുവനന്തപുരം ടിംബർ സെയിൽസ് ഡിവിഷനിലെ കുളത്തൂപ്പുഴ ഡിപ്പോയിൽ 23/11/2018-ാം തീയതി നടന്ന 21809/18-19-ാം നമ്പർ ഇ - ലേലത്തിലെ കാലാവധിയ്ക്കുള്ളിൽ തുക ഒടുക്കി നീക്കം ചെയ്യാത്ത ലോട്ടുകളും, പെരുമ്പാവൂർ ടിംബർ സെയിൽസ് ഡിവിഷനിലെ വീറ്റുർ ഡിപ്പോയിൽ 18/01/2019-ാം തീയതി നടന്ന 27747/18-19 നമ്പർ ഇ - ലേലത്തിലെ കാലാവധിയ്ക്കുള്ളിൽ തുക ഒടുക്കി നീക്കം ചെയ്യാത്ത ലോട്ടുകളും, ഇ - ലേല വ്യവസ്ഥയിലെ 14 (b), 15(a) വ്യവസ്ഥകളിൽ ഇളവ് അനുവദിച്ചുകൊണ്ട് ശ്രീ.ഏ.ജി.സെബാസ്റ്റ്യൻ ഒടുക്കേണ്ട മുഴുവൻ തുകയും, തറവാടകയും, നികുതികളും, പിഴപലിശയും ഒടുക്കി തടി നീക്കം ചെയ്യുന്നതിന് സർക്കാർ ഉത്തരവിന് അപേക്ഷിക്കുന്നതിനൊപ്പം, അതിനായി ഉത്തരവ് തീയതി മുതൽ 3 0 ദിവസം സമയപരിധി നിശ്ചയിച്ച് നൽകാവുന്നതാണെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്) പരാമർശം 3 പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.എ.ജി.സെബാസ്റ്റ്യൻ ലേലം കൊണ്ട തിരുവനന്തപുരം ടിംബർ സെയിൽസ് ഡിവിഷനിലെ കുളത്തൂപ്പുഴ ഡിപ്പോയിൽ 23/11/18-ാം തീയതി നടന്ന 21809/ 18-19 നമ്പർ ഇ-ലേലത്തിലെ കാലാവധിക്കുള്ളിൽ തുക ഒടുക്കി നീക്കം ചെയ്യാത്ത ലോട്ടുകൾ ഇ-ലേല വ്യവസ്ഥയിലെ 14 (ബി), 15(എ) വ്യവസ്ഥകളിൽ ഇളവനുവദിച്ച കൊണ്ട് 08/05/2019-ന് മുമ്പ് ശ്രീ.ഏ.ജി. സെബാസ്റ്റ്യൻ ഒടുക്കേണ്ട തുകയും, തറവാടകയും, നികുതികളും, പിഴപ്പലിശയും ഒടുക്കുന്നതിനും, അതിന് ശേഷമുള്ള കാലാവധിയിലെ തറവാടക മാത്രം ഈടാക്കിക്കൊണ്ടും, പെരുമ്പാവൂർ ടിംബർ സെയിൽസ് ഡിവിഷനിലെ വീറ്റുർ ഡിപ്പോയിൽ 18/01/2019 തീയതിയിൽ നടന്ന 27747/18-19 നമ്പർ ഇ-ലേലത്തിലെ കാലാവധിക്കുള്ളിൽ തുക ഒടുക്കി നീക്കം ചെയ്യാത്ത ലോട്ടുകളിൽ ഇ-ലേല വ്യവസ്ഥയിലെ 14 (ബി), 15 (എ) വ്യവസ്ഥകളിൽ ഇളവനുവദിച്ച കൊണ്ട് 07/06/2019-ന് മുമ്പ് ശ്രീ.ഏ.ജി.സെബാസ്റ്റ്യൻ ഒടുക്കേണ്ട മുഴുവൻ തുകയും, തറവാടകയും, നികുതികളും പിഴപ്പലിശയും ഒടുക്കിക്കൊണ്ടും, അതിന് ശേഷമുള്ള കാലാവധിയിലെ തറവാടക മാത്രം ഈടാക്കിക്കൊണ്ടും തടി നീക്കം ചെയ്യുന്നതിന് ഉത്തരവ് തീയതി മുതൽ 3 0 ദിവസം സമയപരിധി നിശ്ചയിച്ചു കൊണ്ടും,

മഴക്കാലമായതിനാൽ അധികമായി മഴയത്ത് കിടന്നാൽ തടി കേടാകുമെന്നതിനാൽ ഉത്തരവ് തീയതി മുതൽ 30 ദിവസത്തിനുള്ളിൽ തുക അടച്ച് തടി നീക്കം ചെയ്യില്ലെങ്കിൽ ലേലവ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ നടപടി കൈക്കൊള്ളുമെന്ന് ലേലക്കാരനെ അറിയിച്ചു കൊണ്ടും, തടി നീക്കം ചെയ്യുന്നതിന് ശ്രീ.ഏ.ജി.സെബാസ്റ്റ്യന് അനുമതി നൽകുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ / അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്)- നെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുല്ഫിക്കർ റഹ്മാന്.എ
ഡെപ്യൂട്ടിസെക്രട്ടറി

ശ്രീ.ഏ.ജി. സെബാസ്റ്റ്യൻ, പ്രൊപ്രൈറ്റർ, എൻ.ആർ.എം.ടിമ്പേഴ്സ്, പുനലൂർ.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം

ധനകാര്യ (അഗ്രി - എ) വകുപ്പ് (യു.ഒ നം.E.1256345/Agri-A1/199/2019/Fin തീയതി 25.07.2019 പ്രകാരം)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by PRAVEEN KUMAR S
Date: 2019.08.02 16:59:47 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ് -
ബഹു: വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വനം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
ഡെപ്യൂട്ടി സെക്രട്ടറി, വനം വകുപ്പ്.
വനം വന്യജീവി (പി.എസ്) വകുപ്പ്.